**പതിമൂന്നാംകേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5339**

**05.07.2012- ൽ മറുപടിയ്ക്ക്**

**ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വായ്പകൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. കെ. രാധാകൃഷ്ണൻ:** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാന ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ ചെറുകിട വ്യവസായ സംരംഭകർക്ക് നൽകിയിരുന്ന വായ്പകളിൽ ഇതുവരെ കുടിശ്ശികയായി പിരിഞ്ഞു കിട്ടേണ്ട തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) 31/3/2012 വരെ രണ്ട് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി നാല്പത്തിയേഴായിരത്തി എണ്ണൂറ്റി എൺപത്തി ഒൻപത് രൂപ വായ്പകളിൽ നിന്നുമായി പിരിഞ്ഞു കിട്ടുവാനുണ്ട്. |
| (ബി) പതിനഞ്ച് വർഷങ്ങൾക്കു മുമ്പ് നൽകിയിരുന്ന ചെറുകിട വായ്പകൾക്ക് പലിശ എത്രയായിരുന്നുവെന്നും ഇപ്പോൾ പ്രസ്തുത വായ്പാ കുടിശ്ശികകൾക്ക് ഈടാക്കുന്ന പലിശ എത്രയാണെന്നും അറിയിക്കുമോ; | (ബി) 1999 മുതലാണ് ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ ദേശീയ പിന്നോക്ക സാമ്പത്തിക വികസന കോർപറേഷന്റെ സഹായത്തോടു കൂടി വായ്പ വിതരണം ചെയ്ത് തുടങ്ങിയത്. 1999- മുതൽ വിതരണം ചെയ്ത ജനറൽ ലോണിന്റെ പലിശ 7%-വും കാലാവധിയായ 5 വർഷം കഴിഞ്ഞാൽ പിഴപ്പലിശ 18%-വും ആയിരുന്നു. ഇപ്പോൾ വായ്പാ കുടിശ്ശികകൾക്ക് പലിശ 15% ആയി കുറച്ചു (പിഴപ്പലിശയടക്കം). |

| | | | |
|---|---|---|---|
| (സി) | വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കോർപ്പറേഷൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | |
| (ഡി) | വ്യവസായ സംരംഭങ്ങൾ തകർന്ന് സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന വായ്പാ കുടിശ്ശികക്കാരിൽ നിന്ന് തുക ഈടാക്കുവാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പരമാവധി ഇളവുകൾ അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | (ഡി) | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംബന്ധിച്ച ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ